പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1671** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി 100 ദിവസം പൂർത്തിയാക്കിയപ്പോൾ ഏകദേശം എത്ര വനിതകൾ യാത്ര ചെയ്തുവെന്നും ഇതിനായി ഏകദേശം എത്ര രൂപയുടെ ടിക്കറ്റുകൾ സൗജന്യമായി നൽകിയെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പദ്ധതി 100 ദിവസം പൂർത്തിയായ 22.09.2026 വരെ ആകെ 12,89,56,892 സൗജന്യ യാത്രകൾ നടന്നു. ഇതിനായി 274.49 കോടി രൂപയുടെ ടിക്കറ്റുകൾ സൗജന്യമായി നൽകി.

**(ബി)** പദ്ധതി ആരംഭിച്ച ആദ്യ ദിവസങ്ങളിൽ ആകെ യാത്രക്കാരിൽ സ്ത്രീകളുടെ എണ്ണം എത്ര ശതമാനമായിരുന്നുവെന്നും 100 ദിവസം പൂർത്തിയായപ്പോൾ സ്ത്രീകളുടെ എണ്ണം എത്ര ശതമാനമായിരുന്നുവെന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** പദ്ധതി ആരംഭിച്ച ആദ്യ ആഴ്ചയിലും 100 ദിവസം പൂർത്തിയായ ആഴ്ചയിലുമുള്ള ശതമാനം ചുവടെ ചേർക്കുന്നു.

| കാലയളവ് | ഓർഡിനറി യാത്രക്കാരിൽ സ്ത്രീകളുടെ ശതമാനം | എല്ലാ സർവീസുകളിലുമായി |
|---|---|---|
| ആദ്യ ആഴ്ച (15–21.06.2026) | 62.0% | 44.9% |
| 94-100 ദിവസങ്ങൾ (16–22.09.2026) | 68.2% | 50.3% |
| ഇപ്പോൾ (05-11.10.2026) | 68.6% | 51.6% |

**(സി)** പ്രതിദിനം ശരാശരി എത്ര വനിതകൾ സൗജന്യ യാത്ര പ്രയോജനപ്പെടുത്തുന്നവെന്നും സൗജന്യ യാത്ര മുഖേന സ്ത്രീകൾക്ക് പ്രതിമാസം ശരാശരി എത്ര രൂപ മിച്ചമായി സമ്പാദിക്കുവാൻ കഴിയുന്നവെന്നും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** 100 ദിവസത്തെ പ്രതിദിന ശരാശരി 12.90 ലക്ഷം സൗജന്യ യാത്രകളാണ്. 11.10.2026 വരെയുള്ള ശരാശരി 13.03 ലക്ഷം. ശരാശരി ഒരു ടിക്കറ്റിന്റെ മൂല്യം 21.28 രൂപ. സൗജന്യ യാത്ര മുഖേന സ്ത്രീകൾക്ക് പ്രതിമാസം ശരാശരി എത്ര രൂപ മിച്ചമായി സമ്പാദിക്കുവാൻ കഴിയുന്നവെന്ന് വിലയിരുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**